ഉത്തരം

(എ) ബാലവാടി കെട്ടിടങ്ങളം നിർമ്മിക്കുന്നതിനുള്ള മൊത്തം ചെലവ് 15,000 രൂപയാണ്. ഇതിൽ 3,000 രൂപ സർക്കാരിൽ നിന്നും 7,000 രൂപ കെയറിൽനിന്നും ലഭിക്കുന്നു. ബാക്കി വേണ്ടിവരുന്ന 5,000 രൂപ മഹിളാ സമാജം സമാഹരിക്കുന്നു.

(ബി) ഈ സംസ്ഥാനത്ത് ആകെ 2761 ബാലവാടികളം ഉണ്ട്. അവയ്ക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളുമുണ്ട്.

ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി പമ്പുസെറ്റുകളം വാങ്ങുന്നതിനുള്ള പദ്ധതി

1081. [1602] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :

,, പി. സീതി ഹാജി :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, പി. എം. അബൂബക്കർ :

,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചന പദ്ധതികൾക്ക് പമ്പ് സെറ്റുകളം വാങ്ങുന്നതിനുള്ള പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ എത്ര കർഷകർക്ക് വായ്പ നൽകി ;

(ബി) ഈ ഇനത്തിൽ സബ്സിഡിയായി സെപ്റ്റംബർ 30 വരെ എന്തു തുക നൽകി ;

(സി) ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ;

(ഡി) ചില നിർദ്ദിഷ്ട കമ്പനികളുടെ പമ്പുതന്നെ ഗുണഭോക്താക്കൾ വാങ്ങണം എന്ന് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ 8705 കർഷകർക്ക് പമ്പുസെറ്റുകൾ വാങ്ങുന്നതിനായി വായ്പ നൽകിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ സബ്സിഡിയായി സെപ്റ്റംബർ 30 വരെ 153.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യക്തമാക്കാം.

തിരുവനന്തപുരം	7.34	ലക്ഷം രൂപ
കൊല്ലം	22.08	,,
ആലപ്പുഴ	18.65	,,
പത്തനംതിട്ട	7.64	,,
കോട്ടയം	8.23	,,
ഇടുക്കി	5.37	,,
എറണാകുളം	16.56	,,
തൃശ്ശൂർ	16.46	,,
പാലക്കാട്	19.94	,,
മലപ്പുറം	11.62	,,
കോഴിക്കോട്	12.73	,,
വയനാട്	1.12	,,
കണ്ണൂർ	1.90	,,
കാസർകോഡ്	3.86	,,
ആകെ	153.50	ലക്ഷം രൂപ

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

II ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് അതിരൂക്ഷമായി വളർന്നു കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നമ്മുടെ രാജ്യത്തെ ഭരണാധികാരികളും നമ്മുടെ ഭാവിയുടെ വാഗ്ദാനങ്ങളാണെന്നുള്ള ഉദ്ബോധനങ്ങളും കേട്ടു വളർന്നവരാണ് നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ. എന്നാൽ ഇന്ന് 9.30 a.m. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഓരോ കുടുംബത്തിനേറെയും, ഈ നാട്ടിനേറെയും ശാപമെന്നുള്ള നിലയിൽ തെണ്ടിത്തിരിഞ്ഞു നടക്കുന്ന, രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നം, ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ ഏറ്റവും അപകടകരമായ ഒരു നിലയിലേക്ക് വളർന്നിരിക്കുകയാണ്. ഇൻഡ്യയിലെ മൊത്തം ജനസംഖ്യയുടെ 3.7 ശതമാനം ആളുകൾ അധിവസിക്കുന്ന നമ്മുടെ സംസ്ഥാനത്ത് 11 ശതമാനത്തോളം തൊഴിലില്ലാത്തവർ ഉൾക്കൊള്ളുന്നു. നമ്മുടെ സംസ്ഥാനത്ത് പണിയെടുക്കുന്നവരുടെ സംഖ്യ അനുദിനം കുറഞ്ഞുവരുന്ന ചിത്രമാണ് ഉള്ളത്. ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന കണക്കുകൾ അതാണ് വ്യക്തമാക്കുന്നത്. 1970-ൽ പണിയെടുക്കുന്നവരായി 31 ശതമാനം ആളുകൾ സർക്കാർ കണക്കനുസരിച്ചുതന്നെ ഉണ്ടായിരുന്നു. ഇന്നത് കുറഞ്ഞ് കുറഞ്ഞ് 26 ശതമാനമായിരിക്കുകയാണ്. അതേ സമയം ഈയടുത്ത കാലത്ത് തൊഴിലില്ലാത്തവരുടെ അംഗസംഖ്യ എത്രയോ ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. വിശേഷിച്ച് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം വളരെ അപകടകരമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly